**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2267** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകാമോ ? | (എ) | ഈ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>1.സുഭിക്ഷ ഹോട്ടൽ - 2022 ജൂൺ മാസം മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ അലാമിപ്പള്ളി എന്ന സ്ഥലത്ത് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സുഭിക്ഷാ ഹോട്ടലിന്റെ പ്രവർത്തനത്തിനായി നാളിതുവരെ 16,36,735/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>2. ഒപ്പം പദ്ധതി - സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് കീഴിലുള്ള കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായ 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിലൂടെ വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് എല്ലാ മാസവും 10ന് മുമ്പ് അവരുടെ റേഷൻ വിഹിതം ഓട്ടോറിക്ഷ തൊഴിലാളികൾ സൗജന്യമായി അത്തരം കുടുംബങ്ങളുടെ വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 05.05.2023 ന് പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ 06 ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ പ്രസ്തുത പദ്ധതി പ്രകാരം എത്തിച്ചുനൽകുന്നുണ്ട്.<br>3. കെ - സ്റ്റോർ പദ്ധതി - നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് (5kg), വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSME കൾ ഉൽപാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ, |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ്റെ ഉത്പന്നങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ Aadhar Enabled Payment System (AEPS) മുഖേനെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും കെ-സ്റ്റോറുകളിലൂടെ നൽകിവരുന്നു. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 05 റേഷൻ കടകൾ കെ സ്റ്റോറുകളായി ഉയർത്തിയിട്ടുണ്ട്. (FPS - 2469130, 2469129, 2469165, 2469044, 2469202). |

സെക്ഷൻ ഓഫീസർ